ഉത്തരം

(എ) കാസർഗോഡ് വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഓഫീസുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	– 4
2.	അസിസ്റ്റന്റ് എഞ്ചിനീയർ	– 1
3.	സബ് എഞ്ചിനീയർ	– 16
4.	ഓവർസിയർ	– 35
5.	മീറ്റർ റീഡർ	– 64
6.	സീനിയർ സൂപ്രണ്ട്	– 14
7.	സീനിയർ അസിസ്റ്റന്റ്	– 21
8.	കാഷ്യർ	– 18
9.	സ്റ്റെനോഗ്രാഫർ	– 3
10.	ഡ്രൈവർ	– 8
11.	ടൈപ്പിസ്റ്റ്	– 1

(ബി) മേൽപ്പറഞ്ഞ ഒഴിവുകൾ കാലാകാലങ്ങളിൽ ട്രാൻസ്ഫർ മുഖേനയും പ്രമോഷൻ മുഖേനയും ഉണ്ടാകുന്ന ഒഴിവുകളാണ്. അത് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. സ്ഥിരമായി ഒഴിഞ്ഞുകിടക്കാറില്ല. പ്രമോഷൻ വഴിയും ട്രാൻസ്ഫർ മുഖേനയും പുതിയ നിയമനങ്ങൾ നൽകിയും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചുവരികയാണ്.

ഊർജ്ജമിഷൻ പദ്ധതിയുടെ പേരിൽ അനെർട്ടിൽ കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങിയ നടപടി

196 (4259) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജമിഷൻ പദ്ധതിയുടെ പേരിൽ അനെർട്ടിൽ ടെൻഡറില്ലാതെ കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം എത്ര തുകയുടെ സാമഗ്രികളാണ് ആകെ വാങ്ങിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ എന്നിവ എത്ര വീതമാണ് വാങ്ങിയത് ; കമ്പനി ഏതാണ് ; എന്നാണ് വാങ്ങിയത് ;

(സി) ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ് കമ്പ്യൂട്ടറുകളുടെ കോൺഫിഗറേഷൻ എപ്രകാരമായിരുന്നു ; ഈ കമ്പ്യൂട്ടറുകൾക്ക് ഓരോന്നിനും നൽകിയ വില എത്ര വീതമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ടെൻഡർ ക്ഷണിക്കാതെ വാങ്ങിയതുമൂലം എത്ര തുക അധികമായി നൽകേണ്ടിവന്നു വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ആർക്ജിസ് എന്ന സോഫ്റ്റ് വെയർ വാങ്ങിയിരുന്നോ ; ഇവ ആരിൽ നിന്നാണ് വാങ്ങിയത് ; എന്താണ് സോഫ്റ്റ് വെയറിന്റെ ഉപയോഗം ; എത്ര തുക ഇതിന് ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഊർജ്ജമിഷൻ പരിപാടിയുടെ പേരിൽ കമ്പ്യൂട്ടറുകൾ വാങ്ങിച്ചിട്ടില്ല. അനെർട്ടിലെ ഐ.ടി. സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ സൗകര്യങ്ങൾ ശക്തിപ്പെടുത്താനും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നടപടികൾ പാലിച്ചും ഡി.ജി.എസ്&ഡി റേറ്റ് കോൺട്രാക്ട് വ്യവസ്ഥ 66 (A) അനുസരിച്ചും, കെൽട്രോണിൽ നിന്ന് ടോട്ടൽ സൊല്യൂഷൻ പ്രോവൈഡർ 12 (e) വ്യവസ്ഥയനുസരിച്ചും പ്രൊപ്രൈറ്ററി ഉപകരണങ്ങൾ സ്റ്റോർ പർച്ചേയ്സ് മാന്യുവൽ Para 18 വ്യവസ്ഥ അനുസരിച്ചുമാണ് വാങ്ങിയിട്ടുള്ളത്. ഇപ്രകാരം 96,86,162 (തൊണ്ണൂറ്റിയാറ് ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) തുകയുടെ സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത്.

(ബി) ഇതിൽ ഡെസ്ക്ടോപ്പുകൾ 20 ഉം ലാപ്പ് ടോപ്പുകൾ 21 എണ്ണവും ആണ് വാങ്ങിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

ഡെസ്ക്ടോപ്പുകൾ

എണ്ണം	കമ്പനിയുടെ പേര്	വാങ്ങിയതീയതി
20	M/s ACS technologics (HEWLETT Packard India Sales Pvt.Ltd. representative)	March 2009

ലാപ്പ് ടോപ്പുകൾ

21	M/s ACS technologics (AGMATEL India Pvt. Ltd. representative)	March 2009

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

ഡെസ്ക്ടോപ്പുകൾ

എണ്ണം	കോൺഫിഗറേഷൻ	റേറ്റ്
20	HP c7000 Series,Core 2 uo,2GB RAM,250 GB Hard disk, 17' TFT monitor, with LAN, optical mouse, 6USB Ports, 3 years Warrantee	38495 വീതം

റാപ്പ് ടോപ്പുകൾ

20	HP 6730b,Core 2duo, 2GB DDR 2RAM,250 GB Hard disk, 15.4" TFT integrated graphic, integrated Sound, Bluetooth, Wireless LAN, DVD Writer	52500 വീതം
1	HP8510P Core 2duo, 2GB DDR 2RAM, 250 GB hard Disk,14" active matrix vide screen display, integrated graphics with @%^ dedicated memory. DVD writer, keyboard with touch pad, Gigabit Ethernet, Vista business Additional 8 cell travel battery Additional 2 GB DDR 2 RAM	78774

(ഡി) സ്റ്റോർ പർച്ചേയ്സ് മാന്യുവൽ അനുസരിച്ച് പൂർത്തീകരിച്ച നടപടിയിൽ അധിക തുക ചെലവായിട്ടില്ല.

(ഇ) ARCGIS സ്റ്റോർ പർച്ചേയ്സ് മാന്യുവൽ para 18 അനുസരിച്ച് വാങ്ങിയിരുന്നു. ഈ സോഫ്റ്റ് വെയറിന്റെ OEM ആയ M/s ESRI യുടെ ഇന്ത്യൻ ഏജൻസിയായ NIITGIS മുഖാന്തിരമാണ് വാങ്ങിയത്. മാപ്പുകൾ തയ്യാറാക്കുകയും പ്രിന്റുകൾ ചെയ്യുകയും മാപ്പുകളിലെ അളവുകളും മറ്റും തിട്ടപ്പെടുത്തുകയുമാണ് ഈ സോഫ്റ്റ് വെയറിന്റെ ഉപയോഗം. ഇതിനായി 13 ലക്ഷം രൂപ ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly